## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5571 02/11/2016-ൽ മറുപടിക്ക്

### വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവർ

| | ചോദ്യം<br><br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | | ഉത്തരം<br><br>ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവരുടെ എണ്ണം വർദ്ധിക്കുന്നുണ്ടോ എന്ന് വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്ത് വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവരുടെ എണ്ണത്തിൽ ഏറ്റ കുറച്ചിലുകൾ ഉണ്ടാകുന്നതായും മഴക്കെടുതികൾ, പ്രകൃതിക്ഷോഭം എന്നിവയുണ്ടാകുന്ന കാലയളവുകളിൽ മരണ നിരക്കിൽ നേരിയ രീതിയിൽ വർദ്ധനവ് ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഗാർഹിക മേഖലയിൽ അപ്രകാരം മരണപ്പെട്ടവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഗാർഹികമേഖലയിൽ 1570 പേർ വൈദ്യുതാഘാതമേറ്റ് മരണപ്പട്ടതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (സി) | വൈദ്യുതാഘാതമേറ്റുള്ള മരണങ്ങൾ വർദ്ധിക്കുവാനുള്ള കാരണം എന്തെന്ന് വിശദമാക്കുമോ; | (സി) | അപകട കാരണങ്ങൾ വിലയിരുത്തിയതിൽ പൊതുജനങ്ങളുടെ അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ, വൈദ്യുതി ലൈനുകളുടെ സമീപം പണിയെടുക്കുമ്പോൾ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കുന്നതിലുള്ള വിമുഖത എന്നിവയാണ് വൈദ്യുതാഘാതമേറ്റ് മരിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | അപ്രകാരം മരണം സംഭവിക്കുന്നവർക്ക് അടിയന്തര സഹായം, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ നൽകുന്ന കാര്യം ആലോചിക്കുമോ; | (ഡി) | B.O. (FTD) No.84/2015 (PS.VIII/GL/97) dated 13.01.2015 പ്രകാരം വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനത്തിൽ നിന്നും സംഭവിക്കുന്ന വൈദ്യുതാഘാതത്താൽ മരണം സംഭവിക്കുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക്, പരമാവധി |

2

| | | | |
|---|---|---|---|
| | | | Rs.5,00,000/- രൂപ (അഞ്ചു ലക്ഷം രൂപ) ആശ്വാസ ധനസഹായം നൽകി വരുന്നു. കൂടാതെ പൊതു ജനങ്ങൾ അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവമൂലം വൈദ്യുതി ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്ന് വൈദ്യുതാഘാതമേറ്റ് മരണമടയുകയോ പരിക്കേൽക്കുകയോ ചെയ്താൽ പരമാവധി Rs.1,00,000/-വരെ ആശ്വാസ ധനസഹായമായി നൽകി വരുന്നു. ദാരുണമായ ചില അപകടങ്ങൾക്ക് അടിയന്തിര ധനസഹായം അനുവദിക്കേണ്ടുന്ന ആവശ്യകതകൾ / സാഹചര്യങ്ങൾ പരിശോധിച്ച് വൈദ്യുതി ബോർഡ് ലിമിറ്റഡിലെ ഉന്നത ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്കും തീരുമാനങ്ങൾക്കും വിധേയമായി അടിയന്തിര ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച് ഉചിത തീരുമാനം എടുത്തുവരുന്നു.<br><br>മേൽ സൂചിപ്പിച്ച അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നത് ഇപ്പോൾ വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ പരിഗണനയിൽ ഇല്ല. |
| (ഇ) | വൈദ്യുതാഘാതമേറ്റുള്ള മരണങ്ങൾ ഒഴിവാക്കുന്ന തരത്തിലുള്ള ബോധവൽക്കരണം, വയറിംഗ് പരിശോധന എന്നിവ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ? | (ഇ) | പൊതുജനങ്ങളുടേയും കുട്ടികളുടേയും വൈദ്യുതി സംബന്ധമായ സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടത്തിവരുന്നു. ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിങ്ങ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ, ദൃശ്യ/ശ്രവ്യ/ പത്രമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള അലുമിനിയം കമ്പികൾ മാറ്റുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ വിവിധ സാങ്കേതികവും പൊതുജന സമ്പർക്കപരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. LT, |

| | | | |
|---|---|---|---|
| | | | HT വിതരണ ലൈനുകളിൽ ഇപ്പോൾ തന്നെ പല സ്ഥലങ്ങളിലും സുരക്ഷയെ മുൻനിർത്തി ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഭൂഗർഭ കേബിളുകളും ഉപയോഗിക്കുന്നുണ്ട്.<br>കമ്പി പൊട്ടി വീഴുന്നതു പോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതു ജനങ്ങൾക്കു നേരിട്ട് വിളിച്ചറിയിക്കു ന്നതിന് “9496 061 061” എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഏതു പരാതിയും നേരിട്ട് അറിയിക്കു ന്നതിനു "1912" എന്ന കേന്ദ്രീകൃത ഉപഭോക്തൃസേവന കേന്ദ്രം 24 മണിക്കൂറും 365 ദിവസവും പ്രവർത്തിക്കുന്നുണ്ട്. പൊതുജന ങ്ങൾക്ക് വൈദ്യുതി സുരക്ഷയെ ക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സംസ്ഥാ നത്തെ പ്രധാനപ്പെട്ട പ്രാദേശിക ഉത്സവസമയങ്ങളിലും മറ്റു പ്രധാന പരിപാടികളോടനുബന്ധിച്ചും സുരക്ഷാ ബോധവൽക്കരണ പ്രദർ ശനം സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഈ സ്കൂൾ വർഷത്തിൽ സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊ ള്ളുന്ന നെയിം സ്ലിപ്പുകൾ സ്കൂളുകളിൽ വിതരണം ചെയ്തി ട്ടുണ്ട്.<br>വൈദ്യുതി കണക്ഷനു വേണ്ടിയുള്ള അപേക്ഷകൾ സമർപ്പി ക്കുമ്പോൾ ടി പ്രതിഷ്ഠാപനം അംഗീകൃത ലൈസൻസുള്ള സൂപ്പർ വൈസർ പരിശോധിച്ച് സുരക്ഷ ഉറപ്പാക്കി പ്രസ്തുത രേഖ ഇലക്ട്രി ക്കൽ സെക്ഷൻ ഓഫീസിൽ സമർപ്പിച്ചതിനു ശേഷമാണ് നില വിൽ വൈദ്യുതി കണക്ഷൻ നൽകുന്നത്. കൂടാതെ സർവ്വീസ് കണക്ഷൻ നൽകുന്നതിന് മുമ്പ് ഓവർസിയറുടെ പദവിയിൽ കുറ യാത്ത ഉദ്യോഗസ്ഥനും ടി പ്രതിഷ്ഠാപനം പരിശോധിച്ച് സുരക്ഷ ഉറപ്പു വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ